(ഡി) കൈത്തറി മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തൊഴിൽ നഷ്ടപ്പെട്ടതായി വിവരം ലഭിച്ചിട്ടില്ല. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും നിലനിർത്തുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖലയിൽ സഹകരണ മേഖലയിൽ പണിയെടുക്കുന്നതിനെക്കാൾ കൂടുതൽ ആളുകൾ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുൾപ്പെടെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുന്നതിനും മേഖലയുടെ സമഗ്ര വികസനത്തിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ബൃഹത് പദ്ധതി നടപ്പാക്കിവരുന്നു. ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച്

221 (588) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയ്ൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് 17-7-2014-ൽ ബഹു. വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ സാങ്കേതിക കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് 17-7-2014-ന് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, സംസ്ഥാനത്തിന് ഗുണകരമെന്ന് തോന്നുന്ന ഏതെല്ലാം സാങ്കേതിക കോഴ്സുകൾ കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ നടത്താൻ കഴിയുമെന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly